**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3396** | **25-10-2021 - ൽ മറുപടിയ്ക്ക്**

**പുരാവസ്തു ശേഖരവുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സജീവ് ജോസഫ്** | | **Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | മോൻസൺ മാവുങ്കലിന്റെ പുരാവസ്തു ശേഖരം പരിശോധനാ വിധേയമാക്കാൻ മുൻ ഡി.ജി.പി. പുരാവസ്തു വകുപ്പിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | കേരള പുരാവസ്തു വകുപ്പിന് ഇപ്രകാരം നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല |
| (ബി) | സ്വകാര്യ വ്യക്തികളുടെ പുരാവസ്തു ശേഖരവുമായി ബന്ധപ്പെട്ട് പുരാവസ്തു വകുപ്പിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരാവസ്തുക്കൾ കൈവശം വയ്ക്കുന്നതിനും വിപണനം/ കൈമാറ്റം ചെയ്യുന്നതിനും സാധ്യമാണ്. സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും ബാധകമായത് കേന്ദ്ര നിയമമായ ദി ആന്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട് 1972 അതിന്റെ 1973 ലെ ചട്ടങ്ങൾ എന്നിവയാണ് (The Antiquities & Art treasures Act 1972 &Rules 1973). ഈ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് പുരാവസ്തുക്കളുടെ രജിസ്ട്രേഷനും കൈമാറ്റവും വിപണനവും മറ്റും നടക്കുന്നത്. ആക്ടിൽ അനുശാസിക്കുന്ന വിധത്തിൽപ്പെട്ടതെന്നു തോന്നുന്ന വസ്തുക്കൾ അവ പുരാവസ്തുവാണോ എന്ന കാര്യം ഉറപ്പിക്കുന്നതിനും അത് നിയമപരമായി സൂക്ഷിക്കുന്നതിനുള്ള അവകാശം സമ്പാദിക്കുന്നതിനുമായാണ് രജിസ്ട്രേഷൻ നടപടികൾ നടത്തുന്നത്. ഇതിന്റെ പൂർണ്ണ അധികാരി കേന്ദ്ര പുരാവസ്തു വകുപ്പിന് (Archaeological Survey of India) കീഴിൽ പ്രവർത്തിക്കുന്ന രജിസ്റ്ററിങ്ങ് ഓഫീസറാണ്. പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ മേൽപ്പറഞ്ഞ രജിസ്ട്രേഷൻ കൂടാതെ കൈവശം വയ്ക്കുന്നത് പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 25(2) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിന്മേൽ കേന്ദ്ര ആക്ട് പ്രകാരം |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതും ഇത്തരം പുരാവസ്തുക്കൾ കണ്ടുകെട്ടാവുന്നതുമാണ്. സംസ്ഥാന പുരാവസ്തു വകുപ്പിന് ഇക്കാര്യത്തിൽ ഇടപെടുന്നതിന് മേൽ ആക്ട് പ്രകാരം അധികാരമില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഏതെങ്കിലും കർമ്മ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാൻ ചട്ടപ്രകാരം കഴിയുകയില്ല. |
| (സി) | പുരാവസ്തു ശേഖരവുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ തടയാൻ പ്രത്യേക കർമ്മ പരിപാടി നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരാവസ്തുക്കൾ കൈവശം വയ്ക്കുന്നതിനും വിപണനം/ കൈമാറ്റം ചെയ്യുന്നതിനും സാധ്യമാണ്. സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും ബാധകമായത് കേന്ദ്ര നിയമമായ ദി ആന്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട് 1972 അതിന്റെ 1973 ലെ ചട്ടങ്ങൾ എന്നിവയാണ് (The Antiquities & Art treasures Act 1972 &Rules 1973). ഈ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് പുരാവസ്തുക്കളുടെ രജിസ്ട്രേഷനും കൈമാറ്റവും വിപണനവും മറ്റും നടക്കുന്നത്.ആക്ടിൽ അനുശാസിക്കുന്ന വിധത്തിൽപ്പെട്ടതെന്നു തോന്നുന്ന വസ്തുക്കൾ അവ പുരാവസ്തുവാണോ എന്ന കാര്യം ഉറപ്പിക്കുന്നതിനും അത് നിയമപരമായി സൂക്ഷിക്കുന്നതിനുള്ള അവകാശം സമ്പാദിക്കുന്നതിനു മായാണ് രജിസ്ട്രേഷൻ നടപടികൾ നടത്തുന്നത്. ഇതിന്റെ പൂർണ്ണ അധികാരി കേന്ദ്ര പുരാവസ്തു വകുപ്പിന് (Archaeological Survey of India) കീഴിൽ പ്രവർത്തിക്കുന്ന രജിസ്റ്ററിങ്ങ് ഓഫീസറാണ്. പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ മേൽപ്പറഞ്ഞ രജിസ്ട്രേഷൻ കൂടാതെ കൈവശം വയ്ക്കുന്നത് പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 25(2) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിന്മേൽ കേന്ദ്ര ആക്ട് പ്രകാരം കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവു ന്നതും ഇത്തരം പുരാവസ്തുക്കൾ കണ്ടുകെട്ടാവുന്നതുമാണ്. സംസ്ഥാന പുരാവസ്തു വകുപ്പിന് ഇക്കാര്യത്തിൽ ഇടപെടുന്നതിന് മേൽ ആക്ട് പ്രകാരം അധികാരമില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഏതെങ്കിലും കർമ്മ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാൻ ചട്ടപ്രകാരം കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ